(ബി) 30-4-2002-ലെ സർക്കാർ ഉത്തരവ് നം. ജി. ഒ. (എം.എസ്) 88/2002/ പൊ.വി. പ്രകാരം നിർത്തലാക്കിയ വ്യക്തിഗത മാനേജുമെന്റിൻ കീഴിലെ സ്കൂളുക ളിലെ 5 വർഷത്തിനു മുകളിൽ സർവ്വീസുള്ള മുഴുവൻ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർക്കും സർക്കാർ സ്കൂളുകളിലേക്ക് പുനർ നിയമനം നല്കിയിട്ടുണ്ട്. എന്നാൽ മാനേജർമാരുടെ അപേക്ഷയുടെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഡയറക്ടർ നിർത്തലാക്കിയ സ്കൂളുകളിലെ അദ്ധ്യാപക പുനർവിന്യാസത്തെ സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്. സ്കൂൾ നിർത്തലാക്കിയ തീയതി മുതൽ പുനർ വിന്യസിച്ച പുതിയ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്നതുവരെയുള്ള കാലയളവിലെ ശമ്പള മാണ് അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ലഭിക്കാനുള്ളത്. ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഉണ്ട്. മങ്കര എം. ആർ. എം. എൽ. പി. എസ്സിലെ അദ്ധ്യാപകരുടെ പുനർവിന്യാസത്തെയും കുടിശ്ശിക ശമ്പളത്തെയും സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

മാനന്തവാടി എഞ്ചിനീയറിംഗ് കോളേജിലെ റാഗിംഗ്

163 [1444] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി എഞ്ചിനീയറിംഗ് കോളേജിലെ ഒന്നാം വർഷ ഇലക്ട്രോ ണിക്സ് വിദ്യാർത്ഥിയായ ശ്രീ. ലിജു റാഗ് ചെയ്യപ്പെട്ടത് സംബന്ധിച്ച് കോളേജ് പ്രിൻസിപ്പാളിന് എന്തെങ്കിലും പരാതി ലഭിച്ചിരുന്നോ;

(ബി) പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) റാഗിംഗ് സംബന്ധിച്ച പരാതി പ്രിൻസിപ്പാൾ പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് റിപ്പോർട്ട് ചെയ്തില്ല;

(ഇ) ഉണ്ടെങ്കിൽ പോലീസ് ഭാഗത്തുനിന്നും എന്തു നടപടിയുണ്ടായി; വിശദമാക്കുമോ;

(എഫ്) റാഗിംഗ് സംബന്ധിച്ച പരാതി പ്രിൻസിപ്പാൾ വിദ്യാർത്ഥികളെക്കൊണ്ട് നിർബന്ധിച്ച് പിൻവലിപ്പിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എങ്കിൽ എന്തൊക്കെ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എച്ച്) ശ്രീ. ലിജുവിനെ റാഗിംഗ് നടത്തിയതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു;

(ഐ) റാഗിംഗ് സംബന്ധിച്ച് പ്രിൻസിപ്പാൾ പോലീസിൽ പരാതി സമർപ്പിച്ചിട്ടില്ലെങ്കിൽ ഇത് കൃത്യവിലോപമായി കാണുന്നുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ജെ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടില്ലെന്ന് പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(ജി) ബാധകമല്ല.

(എച്ച്) ഉണ്ട്. ശ്രീ. ലിജു സർക്കാരിന് സമർപ്പിച്ച പരാതിയിൻമേൽ അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഐ & ജെ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിയിൻമേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ സ്പെഷ്യൽ റിസർവേഷൻ

164 [1459] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ സ്പെഷ്യൽ റിസർവേഷൻ ഇപ്പോൾ ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly